# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 08.07.2015 ലെ മറുപടിക്ക്

ചോദ്യം നം 230

## സ്പൈസസ് റൂട്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | ടൂറിസം വകുപ്പ് സ്പൈസസ്സ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഉണ്ട്. അന്താരാഷ്ട്ര സംഘടനയായ UNESCO യുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരള ടൂറിസവും UNESCOയും പദ്ധതിക്കായി ഒരു MoU ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) | പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1. പുരാതന കാലത്ത് ഇന്ത്യയുമായി വ്യാപാര ബന്ധം പുലർത്തിയിരുന്ന ഏഷ്യ, മിഡിൽ ഈസ്റ്റ് ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31 ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധരിക്കുന്നതിലൂടെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും പാരമ്പരവുമായ ബന്ധം വിപുലീകരിക്കുക.<br>2. സ്പൈസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പൈതൃക നഗരങ്ങളുടെയും കേന്ദ്രങ്ങളുടേയും സംരക്ഷണവും പ്രോത്സാഹനവും.<br>3. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്പൈസസ് റൂട്ടിനെ സമാധാനത്തിന്റെ [illegible] രൂപപ്പെടുത്തുക. |

4. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുക.

5. ആഗോളതലത്തിൽ സ്പൈസസ് റൂട്ട് ടൂറുകൾ വലിയ തോതിൽ പ്രോത്സാഹിപ്പിക്കുക.

| | | | |
|---|---|---|---|
| സി) | വിനോദ സഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ; | സി) | ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായതിനാൽ സ്പൈസ് റൂട്ട് പദ്ധതി അന്താരാഷ്ട്ര തലത്തിൽ തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് വലിയ നേട്ടം കൈവരിക്കാൻ പര്യാപ്തമാകുന്ന ഒന്നാണ്. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുവാനും സ്പൈസസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി സഹായകമാകുന്നു. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ വിനോദസഞ്ചാര മേഖലയിൽ ഒരു നൂതന വിപണന മേഖല തുറന്നുതരുന്നതാണ് |
| ഡി) | പ്രസ്തുത പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിക്ക് പിൻതുണ നൽകുന്നത്. |

Anuradha

**സെക്ഷൻ ഓഫീസർ**